സ്വയംപര്യാപ്ത അധിവാസ കേന്ദ്ര പദ്ധതി

207 (6912) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത അധിവാസ കേന്ദ്രപദ്ധതിയിലേക്ക് പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിവഴി നടപ്പാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) എത്ര സങ്കേതങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ അവയുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) എത്ര പട്ടികജാതി സങ്കേതങ്ങളെയാണ് ഈ വർഷം സ്വയം പര്യാപ്ത അധിവാസകേന്ദ്ര പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന കോളനികളെയാണ് സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ഇപ്രകാരമുള്ള കോളനികളെ നിർദ്ദേശിക്കുന്നത് ബന്ധപ്പെട്ട എം.എൽ.എ./എം.പി. മാരാണ്.

(ബി) കോളനിക്കകത്തുള്ള റോഡുകൾ, വൈദ്യുതീകരണം, കുടിവെള്ളം, സാനിറ്റേഷൻ, വീട് പുനരുദ്ധാരണം, കളിസ്ഥലം, ബയോഗ്യാസ് പ്ലാന്റ്, ജലസേചന പദ്ധതികൾ, അടുക്കളത്തോട്ടങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, വരുമാനദായക പദ്ധതികൾ, കാര്യശേഷി വികസന പരിപാടികൾ, വനിതകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയുള്ള സൂക്ഷ്മ സംരംഭങ്ങൾ എന്നിവയാണ് കോളനികളിൽ ചെയ്യാനുദ്ദേശിക്കുന്ന വിവിധ വികസന പ്രവർത്തനങ്ങൾ.

(സി) 2009-10-ലെ കിലയുടെ സർവ്വെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 436 കോളനികളെയാണ് സ്വയംപര്യാപ്ത കോളനിയിൽ ഉൾപ്പെടുത്താൻ അർഹമായിട്ടുള്ളത്. അവയുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

നമ്പർ	ജില്ല	എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	62
2	കൊല്ലം	48

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
3	പത്തനംതിട്ട	22
4	ആലപ്പുഴ	21
5	കോട്ടയം	23
6	ഇടുക്കി	43
7	എറണാകുളം	37
8	തൃശ്ശൂർ	67
9	പാലക്കാട്	46
10	മലപ്പുറം	27
11	കോഴിക്കോട്	17
12	വയനാട്	4
13	കണ്ണൂർ	9
14	കാസർഗോഡ്	10
	ആകെ	436

(ഡി) 2014-15-ൽ 50 കോളനികളെയാണ് തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

208 (6913) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ദയവായ മറുപടി നൽകുമോ :

(എ) പട്ടികജാതിവകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2011-12-ലും 2012-13-ലും 2013-14-ലും ലഭിച്ച ഫണ്ട് ഏത്ര വീതമാണെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ ;

(സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച്, പദ്ധതി തിരിച്ച് വിശദമാക്കുമോ ;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലഭിക്കുകയും മേൽ പ്രസ്താവിച്ച വർഷങ്ങളിൽ ചെലവഴിക്കപ്പെടാതെ പോയതുമായ ഫണ്ട് ഇനിയും അതേ പദ്ധതികൾക്കായി ചെലവഴിക്കുവാൻ കഴിയുമോയെന്നും അതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly